## കോളേജ് വിദ്യാഭ്യാസ വകുപ്പ്
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: സി 2/23517/2017/കോ.വി.വ തീയതി: 06/08/2018

---

പരാമർശം:- 1. 03/01/2014 തീയതിയിലെ സ.ഉ.(പി) നം. 1/2014/ഉ.ഭ.പ.വ.

2. 28/05/2015 തീയതിയിലെ സ.ഉ.(പി) നം. 16/2015/ഉ.ഭ.പ.വ.

3. 21/01/2016 തീയതിയിലെ സി 3/3705/2014/കോ.വി.വ. നം. സീനിയോറിറ്റി ലിസ്റ്റ്.

### ഉത്തരവ്

ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10 % അതാത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും എൻട്രി കേഡറിലെ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് 2018 -ൽ ഈ വകുപ്പിൽ ഉണ്ടായ ഒഴിവുകളിൽ 2 എണ്ണം വകുപ്പിലെ ആസ്ഥാന കാര്യാലയത്തിൽ മാറ്റി വച്ചിട്ടുണ്ട്.

പരാമർശം (3) പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 18 ശ്രീ. ടി. രാമചന്ദ്രൻ വരെയുള്ള ജീവനക്കാരെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമിച്ചിട്ടുണ്ട്.

ശ്രീ. ജോണി ടി (ക്രമ നമ്പർ 19), ശ്രീ. കെ. അറുമുഖൻ (ക്രമ നമ്പർ 21) എന്നിവർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ റീ-ലിൻക്വിഷ് ചെയ്തിട്ടുണ്ട്. ശ്രീമതി. എം. വസന്ത (ക്രമ നമ്പർ 20), ശ്രീ. പി. ഉദയകുമാരൻ (ക്രമ നമ്പർ 23) എന്നിവർ യഥാക്രമം 31/05/2016, 31/03/2018 തീയതികളിൽ സേവനത്തിൽ നിന്നും വിരമിച്ചു.

ഈ സാഹചര്യത്തിൽ പരാമർശം (3) സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 22 ശ്രീ. നാരായണൻ പനക്കാടില്ലം, അറ്റൻഡർ, കെ.എം.എം. ഗവൺമെന്റ് വനിതാ കോളേജ്, കണ്ണൂർ -നെ 19000 - 43600/- രൂപ ശമ്പള സ്കെയിലിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
എ. സീതാലക്ഷ്മി അമ്മ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1) പ്രിൻസിപ്പാൾ, കെ.എം.എം. ഗവൺമെന്റ് വനിതാ കോളേജ്, കണ്ണൂർ
2) ശ്രീ. നാരായണൻ പനക്കാടില്ലം, അറ്റൻഡർ,
   കെ.എം.എം. ഗവൺമെന്റ് വനിതാ കോളേജ്, കണ്ണൂർ
3) സി 4 സീറ്റ്/സി 5 സീറ്റ്
4) കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈറ്റി. 7/8/18

GOVERNMENT OF KERALA 2017-18